## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 301** | **05-08-2021 - ൽ മറുപടിയ്ക്ക്**

## കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ മുന്നൂറ്റി അൻപത് കോടി രൂപയുടെ ക്രമക്കേട് നടന്നതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ പലിശ ഉൾപ്പെടെ 1,02,55,49,364/-(102.55 കോടി) രൂപയു ടെയും വ്യാപാര സ്റ്റോക്കിലെ കുറവ് ഇനത്തിൽ 1,69,34,445.63(1.69 കോടി) രൂപയുടെയും കൂടി ആകെ 1,04,24,83,809.63 (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായി ബാങ്കിൽ നടത്തിയ സഹകരണ നിയമം 65 അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാര മുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കുറ്റക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ 24.07.2021 ലെ സ.ഉ.(സാധാ) 451/21/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമ ക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരി ശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്ന തിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾ പ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീ കരിച്ച് അന്വേഷണം നടത്തി ഒരുമാസ ത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. സമിതിയുടെ ഇടക്കാല റിപ്പോർട്ട് 10 ദിവസത്തിനകം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിഷയത്തിൽ ക്രമക്കേടുകളെകുറിച്ച് പോലീസ് അന്വേഷണം നടന്നു വരുന്നുണ്ട്. |
| (സി) | ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണ സമിതി പിരിച്ചുവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാര മുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കുറ്റക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ 24.07.2021 ലെ സ.ഉ.(സാധാ) 451/21/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമ ക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്ന തിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീ കരിച്ച് അന്വേഷണം നടത്തി ഒരുമാസ ത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. സമിതിയുടെ ഇടക്കാല റിപ്പോർട്ട് 10 ദിവസത്തിനകം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിഷയത്തിൽ ക്രമക്കേടുകളെകുറിച്ച് പോലീസ് അന്വേഷണം നടന്നു വരുന്നുണ്ട്. |
| (ഡി) | ക്രമക്കേട് കണ്ടെത്തിയിട്ടും ഭരണസമിതി പിരിച്ചുവിടാത്ത നടപടി കൂടുതൽ ക്രമക്കേട് നടത്താൻ സാഹചര്യമൊരുക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ക്രമക്കേട് റിപ്പോർട്ട് ലഭിച്ച ഉടനെതന്നെ ഭരണസമിതിയെ പിരിച്ചുവിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ